പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :6025 10/07/2012-ൽ മറുപടിക്ക്

## സാംസ്കാരിക ബോധവൽക്കരണം

ചോദ്യം

ശ്രീ.സി.രവീന്ദ്രനാഥ്

മറുപടി

ശ്രീ.കെ.സി.ജോസഫ്
ബഹു : ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി

| | | | |
|---|---|---|---|
| എ) | കേരളത്തിൽ മാഫിയ പ്രവർത്തനങ്ങൾ പൂർവ്വാധികം വളർന്നുവരുന്നത് സാംസ്കാരിക ഭീഷണിയായി മാറുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) യും ബി) യും | ഏതു തരത്തിലുള്ള മാഫിയ പ്രവർത്തനങ്ങളും നാടിന് ഒരു സാംസ്കാരിക ഭീഷണിയായി മാറും എന്ന ബോദ്ധ്യമുള്ളതിനാൽ സർക്കാരിന്റെ കീഴിലുള്ള കണ്ണൂരിലെ കേരള ഫോക് ലോർ അക്കാഡമി 'കലകളിലൂടെ മാനവ സൗഹൃദം ഊട്ടിയുറപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി 'സമ്പന്ന പൈതൃക സൗഹൃദ കേരളം' എന്ന സന്ദേശവുമായി 2012 ആഗസ്റ്റ് മാസം തിരുവനന്തപുരത്ത് നിന്ന് കാസർഗോഡേക്ക് സാംസ്കാരിക യാത്ര സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. സാംസ്കാരിക ഭീഷണിക്കെതിരെ സമഗ്ര ബോധവൽക്കരണം നടത്തുന്ന കാര്യം തൃശ്ശൂരിലെ കേരള സംഗീത നാടക അക്കാഡമി പരിഗണിക്കുന്നുണ്ട് . |
| ബി) | ഉണ്ടെങ്കിൽ സാംസ്കാരിക വകുപ്പിന്റെ മേൽനോട്ടത്തിൽ ഒരു സമഗ്ര ബോധവൽക്കരണം നടത്താൻ തയ്യാറാകുമോ? | | |

Padmanan P

സെക്ഷൻ ഓഫീസർ